23/11/21

5/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.725(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*2764/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. നൂഹുകണ്ണ് മഹുമ്മൂദ്,
റ്റി.എഫ്. ഹൗസ്, അമ്പലത്തുമൂല,
ചൊവ്വര പി.ഒ., തിരുവനന്തപുരം-695501 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജൂനിയർ സൂപ്രണ്ട് -2(ബി),
   ജില്ലാ കളക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
   തിരുവനന്തപുരം

2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി കളക്ടർ (എൽ.ആർ),
   തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.07.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 06.08.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 29.10.2021 & കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| --- | --- |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നൂഹുകണ്ണ് മഹമ്മൂദ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച വിവരങ്ങൾ തൃപ്തികരമല്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ അപ്പീൽ അധികാരി നൽകിയ മറുപടിയും തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 09.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, SM 86/1979 ലെ 1044 ME യിലെ ഒറ്റിയും കുഴിക്കാണ ആധാരത്തിന്റെ അറ്റസ്റ്റഡ് പകർപ്പ് അടയാളസഹിതം ലഭ്യമാക്കണമെന്നും 1977 ലെ 2119-ാം നമ്പർ ഒറ്റിയും കുഴിക്കാണ വിലയാധാരത്തിന്റെ അറ്റസ്റ്റഡ് പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 06.01.2021 തീയതി നൽകിയ മറുപടിയിന്മേൽ കുഴിക്കാണ ആധാരം, കുഴിക്കാണ വിലയാധാരം, ഒറ്റിയാധാരം, ഭാഗപത്രം എന്നിവ ഒന്നുംതന്നെ ഉൾക്കൊള്ളിച്ചില്ലെന്നും ആയതിനാൽ പകർപ്പ് ലഭ്യമാക്കാൻ കഴിയില്ലെന്നും അറിയിച്ചതായി കാണുന്നു. ആയതുകൊണ്ട് ഹർജിക്കാരൻ 25.01.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിന്മേൽ രണ്ടാം എതിർകക്ഷി 12.02.2021 ൽ ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയതായും കാണുന്നു. കൂടാതെ ഫയൽ പരിശോധിക്കാൻ ഓഫീസ് പ്രവൃത്തി സമയത്ത് ഹാജരാകാൻ നിർദ്ദേശിച്ചതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 06.08.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ എൽ.റ്റി.

ഫയലുകൾ പരിശോധിക്കുകയും ടിയാൻ ആവശ്യപ്പെട്ട രേഖകൾ എൽ.റ്റി. ഫയലുകളിൽ ഉൾക്കൊളളിച്ചിട്ടില്ലാത്തതിനാൽ പകർപ്പുകൾ നൽകാൻ കഴിയുകയില്ലെന്ന് മറുപടി നൽകിയിരുന്നുവെന്നും ടിയാന്റെ അപ്പീൽ അപേക്ഷ ലഭിച്ച ശേഷം ഇക്കാര്യങ്ങൾ ഒരിക്കൽ കൂടി പരിശോധന വിധേയമാക്കിയെന്നും ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമല്ലെന്ന് ഉറപ്പ് വരുത്തിയുമാണ് തീരുമാനം കൈക്കൊണ്ടിട്ടുളളതെന്നും ഇക്കാര്യം നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ഹർജികക്ഷിക്ക് അവസരം നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്. ഒരു പൊതു അധികാരിയുടെ കൈവശത്തിലും നിയന്ത്രണത്തിലുമുള്ള വിവരങ്ങൾ ഒരു പൗരന് ലഭ്യമാക്കുക എന്നുളളതാണ് വിവരാവകാശ നിയമം 2(എഫ്) 2(ജെ) എന്നിവയിൽ നിർവ്വചിച്ചിരിക്കുന്നതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൊതു അധികാരിയുടെ കൈവശം ഇല്ലാത്തതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 09.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 06.01.2021 തീയതി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 25.01.2021 ൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ അപ്പീൽ അധികാരിയും 12.02.2021 തീയതി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നു. എന്നാൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചതായി കാണുന്നില്ല. ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയത് 2019 ൽ ലാന്റ് ട്രിബ്യൂണലുകൾ നിർത്തൽ ചെയ്തപ്പോൾ അതുവരെയുളള ഫയലുകളും, രേഖകളും മറ്റും കളക്ടറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുളളതാണെന്നും തുടർന്ന് ബന്ധപ്പെട്ട തഹസിൽദാർമാർ ആണ് കൈകാര്യം ചെയ്യുന്നതെന്നും ഇവയിൽ 1967 ലും 1970 ലും ബന്ധപ്പെട്ട കേസ് എൽ.റ്റി.യിൽ നിലനിന്നതാണ് എന്നും ആയവ കളക്ടറേറ്റിൽ സൂക്ഷിക്കപ്പെടേണ്ടതാണെന്നും മറ്റുമാണ്. എതിർകക്ഷികൾ മന:പൂർവ്വമായി വിവരങ്ങൾ നിഷേധിച്ചതായി കമ്മീഷൻ കാണുന്നില്ല. കൂടാതെ യഥാസമയം മറുപടി അയച്ചു നൽകിയിട്ടുളളതായും കാണുന്നു. ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ കളക്ടറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുളളതാണ്. ആയവ കളക്ടറേറ്റിൽ

സൂക്ഷിക്കപ്പെടേണ്ടതാണ്. ടി രേഖകൾ കണ്ടെത്തി ഈ ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് അയച്ചു നൽകേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 05-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp